"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ്- ശ്രീ. കെ.എം മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി-വകുപ്പുതല ടെക്നിക്കൽ/ഡിസൈൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എംപാനൽ ചെയ്തിട്ടുള്ള സ്ഥാപനങ്ങളെ ജലസേചനവകുപ്പിലും പരിഗണിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ജലവിഭവ (എം ഐ) വകുപ്പ്**

സ.ഉ.(സാധാ) നം.210/2024/WRD തീയതി,തിരുവനന്തപുരം, 07-03-2024

---

പരാമർശം:- 21/01/2024 തീയതിയിലെ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ CEIA/3107/2023 നമ്പർ കത്ത്

**ഉത്തരവ്**

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് നിലവിൽ അവലംബിച്ചുവരുന്ന വരുന്ന മാതൃകയിൽ ശ്രീ . കെ. എം. മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി ജലസേചനവകുപ്പിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഡിപ്പാർട്ട്മെന്റ് തലത്തിൽ ടെക്നിക്കൽ/ഡിസൈൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എംപാനൽ ചെയ്തിട്ടുള്ള സ്ഥാപനങ്ങളെ ജലസേചനവകുപ്പിലും പരിഗണിക്കുന്നതിനുമായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരാമർശ കത്ത് പ്രകാരം അനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു.

1. ടെക്നിക്കൽ/ഡിസൈൻ കമ്മിറ്റി രൂപീകരിക്കുന്നതിലേക്കായി 250 ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ള കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പ്രവർത്തികൾക്ക് താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്താവുന്നതാണ്.

1. ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം (ചെയർമാൻ)

2. ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി, തിരുവനന്തപുരം (കൺവീനർ)

3. ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ, തിരുവനന്തപുരം

4. ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ, തിരുവനന്തപുരം

5. സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയർ, തിരുവനന്തപുരം

6. ഡോ. പ്രകാശ് മോഹൻ എം. എം (മൈക്രോ ഇറിഗേഷൻ കൺസൾറ്റന്റ്)

2 . ടെക്നിക്കൽ/ഡിസൈൻ കമ്മിറ്റി രൂപീകരിക്കുന്നതിലേക്കായി 250 ലക്ഷം രൂപ വരെയുള്ള കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പ്രവർത്തികൾക്ക് താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്താവുന്നതാണ്.

1. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വർക്സ് (ചെയർമാൻ)

2. ഡയറക്ടർ , ഐ.ഡി.ആർ.ബി (കൺവീനർ)

3. ബന്ധപ്പെട്ട സർക്കിളിന്റെ സൂപ്രണ്ടിംഗ് എഞ്ചിനീയർ സിവിൽ

4. ബന്ധപ്പെട്ട സർക്കിളിന്റെ സൂപ്രണ്ടിംഗ് എഞ്ചിനീയർ മെക്കാനിക്കൽ

5. ബന്ധപ്പെട്ട ഡിവിഷന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ

6. ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, അഗ്രികൾച്ചർ

7. ഡോ. പ്രകാശ് മോഹൻ എം.എം (മൈക്രോ ഇറിഗേഷൻ കൺസൾട്ടന്റ്)

2. കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേയ്ക്കായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഉപയോഗിച്ചുവരുന്ന താല്ക്കാലിക ഡിസൈൻ രീതി അവലംബിക്കാവുന്നതാണ് എന്നും മേൽ പരാമർശിച്ചിരിക്കുന്ന പ്രകാരം ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാക്കി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾക്ക് മാത്രമായി പ്രത്യേക വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ടെണ്ടർ ഡോക്യുമെന്റ്സ് തയ്യാറാക്കി ടെണ്ടർ നടപടികളിൽ പങ്കെടുക്കാൻ സ്ഥാപനങ്ങളെ എംപാനൽ ചെയ്യുന്നതിനു വേണ്ടി താത്പര്യപത്രം ക്ഷണിക്കുന്നതിനു പകരം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്-ന്റെ ചുവടെ ചേർത്തിരിക്കുന്ന നിലവിലെ എംപാനൽ ലിസ്റ്റിൽ നിന്ന് പരിഗണിക്കാവുന്നതാണ് എന്നും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

1. Jain Irrigation Systems Ltd., Laksmi Nivas, I$^{st}$ Floor, New no.14 West Avenue, Kodambakkam, Chennai, Tamilnadu

2. Netafirm Irrigation Private Ltd.Plot No.268-270, 271-B GIDC Manjusar, Vadodara, Gujarat

3. Arkind Consultants Private Ltd. 7/885, Kakkanad, Ernakulam, Kerala

4. Mahindra EPC Irrigation Ltd, Plot No H-109, MIDC, Ambad, Nashik, Maharashtra

5. Wapcos Ltd. 4th floor, ISAACS Tower, Jawahar Nagar, Kadavanthra, Kochi, Kerala

3. ടെണ്ടറിൽ പങ്കെടുക്കുന്ന എംപാനൽ ലിസ്റ്റിൽ ഉള്ള സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ഡിസൈന്റെയും ടെക്നിക്കൽ ഡീറ്റെയിൽസിന്റെയും പരിശോധനയും വിലയിരുത്തലും മേൽ പരാമർശിച്ചിരിക്കുന്ന ടെക്നിക്കൽ/ഡിസൈൻ കമ്മിറ്റി നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ പ്രീക്വാളിഫിക്കേഷൻ നല്കാവുന്നതാണ് എന്നും പ്രീക്വാളിഫൈഡ് ബിഡ്ഡേർസിന്റെ ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്ത് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന് വർക്ക് അവാർഡ് ചെയ്യാവുന്നതും പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേയ്ക്കായി പ്രവർത്തികളുടെ സ്വഭാവത്തിനും ഘടകങ്ങൾക്കും അനുസൃതമായി വിവിധ മേഖലകളിൽ വൈദഗ്ധ്യം തെളിയിച്ചിട്ടുള്ള വിദഗ്ധരുടെ സേവനം അത്യന്താപേക്ഷിതമാകുന്ന സാഹചര്യത്തിൽ മാത്രം ലഭ്യമാക്കുന്നതിനും ലഭ്യമാക്കുന്ന സേവനത്തിനുള്ള ഹോണറേറിയവും ഡോ. പ്രകാശ് മോഹന്റെ കൺസൾട്ടൻസി ചാർജ്ജും നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കു വിധേയമായി സ്പെഷ്യലൈസ്ഡ് ട്രെയ്നിംഗ് 2701-80-003-99 ശീർഷകത്തിൽ നിന്നും ലഭ്യമാക്കുന്നതിനും ഇപ്രകാരം കമ്മ്യൂണിറ്റി മൈക്രോഇറിഗേഷൻ പദ്ധതി ജലസേചനവകുപ്പിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശ കത്തിൽ ജലസേചനവും ഭരണവും ചീഫ്

എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ.എം മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി ജലസേചനവകുപ്പിൽ നടപ്പിലാക്കുന്നതിനായി; വകുപ്പുതല ടെക്നിക്കൽ/ഡിസൈൻ കമ്മിറ്റികൾ താഴെപ്പറയുന്ന പ്രകാരം ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിക്കുന്നതിനും, ടെണ്ടർ നടപടികളിൽ പങ്കെടുക്കാൻ സ്ഥാപനങ്ങളെ എംപാനൽ ചെയ്യുന്നതിനു വേണ്ടി താത്പര്യപത്രം ക്ഷണിക്കുന്നതിനു പകരം നിലവിൽ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് 15.05.2025 വരെ കാലയളവിലേക്ക് എംപാനൽ ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളെ ടി കാലയളവിലേക്ക് ജലസേചനവകുപ്പിലും പരിഗണിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

250 ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ള കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പ്രവർത്തികളുടെ ഡിസൈന്റെയും ടെക്നിക്കൽ ഡീറ്റെൽസിന്റെയും പരിശോധനയും വിലയിരുത്തലും നടത്തുന്നതിനായുള്ള ടെക്നിക്കൽ/ഡിസൈൻ കമ്മിറ്റി

1. ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം (ചെയർമാൻ)
2. ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി, തിരുവനന്തപുരം (കൺവീനർ)
3. ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ, തിരുവനന്തപുരം
4. ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ, തിരുവനന്തപുരം
5. സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയർ, തിരുവനന്തപുരം
6. ഡോ. പ്രകാശ് മോഹൻ എം. എം (മൈക്രോ ഇറിഗേഷൻ കൺസൾറ്റന്റ്)

250 ലക്ഷം രൂപ വരെയുള്ള കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പ്രവർത്തികളുടെ ഡിസൈന്റെയും ടെക്നിക്കൽ ഡീറ്റെൽസിന്റെയും പരിശോധനയും വിലയിരുത്തലും നടത്തുന്നതിനായുള്ള ടെക്നിക്കൽ/ഡിസൈൻ കമ്മിറ്റി

1. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വർക്സ് (ചെയർമാൻ)
2. ഡയറക്ടർ , ഐ.ഡി.ആർ.ബി (കൺവീനർ)
3. ബന്ധപ്പെട്ട സർക്കിളിന്റെ സൂപ്രണ്ടിംഗ് എഞ്ചിനീയർ സിവിൽ
4. ബന്ധപ്പെട്ട സർക്കിളിന്റെ സൂപ്രണ്ടിംഗ് എഞ്ചിനീയർ മെക്കാനിക്കൽ
5. ബന്ധപ്പെട്ട ഡിവിഷന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ
6. ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, അഗ്രികൾച്ചർ
7. ഡോ. പ്രകാശ് മോഹൻ എം.എം (മൈക്രോ ഇറിഗേഷൻ കൺസൾറ്റന്റ്)

<u>എംപാനൽ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ</u>

1. Jain Irrigation Systems Ltd., Laksmi Nivas, I$^{st}$ Floor, New no.14 West Avenue, Kodambakkam,

Chennai, Tamilnadu

2. Netafirm Irrigation Private Ltd. Plot No.268-270, 271-B GIDC Manjusar, Vadodara, Gujarat

3. Arkind Consultants Private Ltd. 7/885, Kakkanad, Ernakulam, Kerala

4. Mahindra EPC Irrigation Ltd, Plot No H-109, MIDC, Ambad, Nashik, Maharashtra

5. Wapcos Ltd. 4th floor, ISAACS Tower, Jawahar Nagar, Kadavanthra, Kochi, Kerala

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ.ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പിന്
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Anilatha G
സെക്ഷൻ ഓഫീസർ
Date: 07-03-2024 17:01:29

പകർപ്പ് : ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
ജലവിഭവ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്